പുഴക്കക്കരെ കൊച്ചുസ്വപ്നങ്ങൾ

ഇ. ഹരികുമാർ



പുഴക്കക്കരെ കൊച്ചുസ്വപ്നങ്ങൾ

ഇ. ഹരികുമാർ
(മലയാളം: ചെറുകഥ)

© 2026, E. Harikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Landscape With a Cottage by a Stream, a painting by Unknown Artist. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

പുഴക്കക്കരെ കൊച്ചുസ്വപ്നങ്ങൾ

വാതിൽക്കൽ മുട്ടു കേട്ടാൽ അതാരാണെന്ന് അയാൾക്കറിയാം. രാജി ബെല്ലടിക്കാറില്ല, പതിയെ വാതിലിന്മേൽ മുട്ടി ശബ്ദമുണ്ടാക്കും. കഴിഞ്ഞ മൂന്ന വർഷങ്ങളായി അവളുടെ അമ്മ പ്രത്യേകം പറഞ്ഞു മനസ്സിലാക്കിയിട്ടുള്ളതാണത്. 'സാറ് ഒറങ്ങുമ്പോശല്യം ചെയ്യരുത്. ഒട്ടും ശബ്ദമുണ്ടാക്കരുത്.' തന്റെ മകൾ സ്കൂൾ വിട്ടു വരുമ്പോൾ കറച്ച ഭക്ഷണം കൊടുക്കുന്നതു തന്നെ വലിയ കാര്യമായി എടുത്തിരിക്കയാണ് ആ പാവം സ്ത്രീ. അവൾ നിലം തുടച്ചു കൊണ്ടിരിക്കേ മകളോട് പതിഞ്ഞ സ്വരത്തിൽ സ്കൂളിലെ വിശേഷങ്ങൾ ചോദിക്കും. രാജിയും ഒട്ടും ശബ്ദമുണ്ടാക്കാതെത്തന്നെ മറുപടി പറയും.

അയാൾ പക്ഷേ, കറച്ചുകാലമായി ഉച്ചയ്ക്ക് ഉറങ്ങാറില്ല. റിട്ടയർ ചെയ്തു രണ്ടു മാസത്തോളം അയാൾ ഉച്ചയുറക്കം ഒരു കലയായി, ഒരനുഷ്ഠാനമായി കൊണ്ടു നടന്നു. ഹരം പിടിച്ച ഉറക്കം. ശരിക്കു പറഞ്ഞാൽ ഈ ഉച്ചയുറക്കത്തിന്നുവേണ്ടിയാണ് അയാൾ നീട്ടിക്കിട്ടിയ രണ്ടു കൊല്ലം വേണ്ടെന്നുവെച്ച് അമ്പത്തൊട്ടാമത്തെ വയസ്സിൽത്തന്നെ ജോലിയിൽനിന്ന് പിരിഞ്ഞത്. പിന്നെ എന്തുകൊണ്ടോ പകലുറക്കം അയാളെ പിരിഞ്ഞുപോയി. ഇപ്പോൾ ഊണു കഴിഞ്ഞാൽ അയാൾ വെറുതെ കിടക്കുകമാത്രം ചെയ്യും. പക്ഷേ, രാജി വാതിൽക്കൽ മുട്ടുന്ന പഴയ ശീലംതന്നെ തുടർന്നു.

വാതിൽക്കൽ വീണ്ടും മുട്ട് കേട്ടു. ഉറങ്ങിയിരുന്നില്ലെങ്കിലും താൻ ഒരു സ്വപ്നലോകത്തായിരുന്നുവെന്ന് അയാൾ മനസ്സിലാക്കി. താൻ വീട്ടിൽ ഒറ്റക്കാണെന്നും, അനിതയും ജോലിക്കാരിയും കൂടി പുറത്ത് എന്തോ വാങ്ങാൻ പോയിരിക്കയാണെന്നും ഓർത്തപ്പോൾ അയാൾ പിടഞ്ഞെഴുന്നേറ്റ് വാതിൽ തുറന്നു.

'സാറ് ഒറങ്ങായിരുന്നോ?'

രാജി ചോദിച്ചു. അവളുടെ സ്വരത്തിൽ ഭയമുണ്ടായിരുന്നു.

'അല്ല.'

അവൾ തോളത്തുനിന്ന് സ്കൂൾ സഞ്ചിയെടുത്ത് നിലത്തു വെച്ചുകൊണ്ട് ചോദിച്ചു.

'അമ്മയില്ലേ?'

'ഇല്ല.'

'കൊച്ചമ്മയോ?'

'അനിതയും കമലവും കൂടി പുറത്തുപോയിരിക്കയാണ്. ഇപ്പോ വരും.'

അവൾ മുഖം കഴുകാനായി കളിമുറിയിലേയ്ക്കു കയറി. അയാൾ സോഫയിലിരുന്ന് റിമോട്ടുകണ്ട്റോൾ ഉപയോഗിച്ച് ടിവി പ്രവർത്തിപ്പിച്ചു. ചായ കടിക്കാൻ ധൃതിയായി. എന്താണിവർ വരാത്തത്. അര മണിക്കൂറിനുള്ളിൽ വരാമെന്നു പറഞ്ഞ് ഇറങ്ങിയതാണ്. ക്രമേണ അയാൾ ടിവിയുടെ വർണാഭയിൽ മുഴുകിപ്പോയി. എന്താണ് നടക്കുന്നതെന്നും അയാൾ ശ്രദ്ധിച്ചില്ല. ചലിക്കുന്ന ചിത്രങ്ങൾ നോക്കി ഒഴിഞ്ഞ മനസ്സമായി അയാളിരുന്നു. പെട്ടെന്ന് ചുമരിലെ ഇലക്ട്രോണിക് ക്ലോക്ക് സംഗീതം പൊഴിച്ചപ്പോൾ അയാൾക്ക് വീണ്ടും പരിസരബോധമുണ്ടായി. സമയം നാലുമണി. രാജി എന്തു ചെയ്യുകയായിരിക്കുമെന്നയാളോർത്തു. അയാൾ അടുക്കളയിലേക്ക് നടന്നു.

അവിടെ വെറും നിലത്ത് അവൾ കിടന്നുറങ്ങുകയായിരുന്നു. തലമുടി വിണ്ട് അവളുടെ മുഖം പാതി മറഞ്ഞിരുന്നു. അവൾ തളർന്നുകിടന്നുറങ്ങുകയാണ്. അവൾ ഭക്ഷണം കഴിച്ചുവോ എന്ന പോലും താൻ അന്വേഷിച്ചില്ല. എന്തൊരു മനുഷ്യൻ! അയാൾ നോക്കി. ഇല്ല, ഒന്നുമില്ല. പാവം കുട്ടി, അവൾ ഒന്നും കഴിച്ചുകാണില്ല. രാവിലെ ഏഴുമണിക്ക് വീട്ടിൽനിന്ന് അമ്മയോടൊപ്പം തിരിക്കുമ്പോൾ വല്ലതും കഴിച്ചതായിരിക്കും. അയാൾ കമ്പിട്ടിരുന്ന് വിളിച്ചു.

'രാജി.'

അവൾ അനങ്ങി, മലർന്നു കിടന്നു. അവളുടെ ഒട്ടിയ വയറ് കണ്ടപ്പോൾ അയാൾക്ക് വിഷമമായി. അയാൾ അവളെ വിണ്ടും വിളിച്ചു. അവൾ ഞെട്ടിയുണർന്നു. തൊട്ടുമുമ്പിൽ സാറിനെ കണ്ടപ്പോൾ അവൾക്കു ഭയമായി. അവൾ പിടഞ്ഞെഴുന്നേറ്റു.

'നീ വല്ലതും കഴിച്ചുവോ?'

'ഇല്ല' അവൾ പറഞ്ഞു. 'കൊച്ചമ്മ ഒന്നുംണ്ടാക്കീട്ടില്ലാന്ന് തോന്നുന്നു.'

'അപ്പോ നീയെന്തേ എന്നോടത് പറയാതിരുന്നു?'

'സാറ് ടിവി കണ്ടോണ്ടിരിക്ക്യായിരുന്നു. ബുദ്ധിമുട്ടിക്കണ്ടാന്ന് കരുതി.'

'എന്റെ മോളേ, അതുവിചാരിച്ച് നീ പട്ടിണി കിടക്കേ?'

പെട്ടെന്നാണയാൾ ആ സംഭാഷണം ഓർത്തത്. അനിതയും കമലവും കൂടി പുറത്തിറങ്ങുമ്പോൾ പറഞ്ഞതായിരുന്നു. 'രാജി വരുമ്പോഴേക്ക് എത്തണം, അവൾക്ക് കഴിക്കാൻ ഒന്നുംല്ല്യ, വന്നിട്ട് എന്തെങ്കിലുംണ്ടാക്കണം.' അവർ എപ്പോൾ വരുമെന്ന്വെച്ചാണ് കാത്തിരിക്കുന്നതു? അയാൾ പറഞ്ഞു.

'വാ, നമുക്ക് പുറത്തുപോയി എന്തെങ്കിലും കഴിക്കാം.'

അയാൾ ഭാര്യയ്ക്ക് ഒരു കറിപ്പ് എഴുതിവെച്ചു പുറത്തു കടന്നു. കാറിൽ അയാളോടൊപ്പം ഇരുന്ന് യാത്ര ചെയ്യുമ്പോൾ അവൾ വളരെ ഉല്ലാസവതിയായിരുന്നു.

'ഞാൻ ആദ്യയിട്ടാണ് ഒരു കാറിൽ പോണത്.'

അവൾ പറഞ്ഞു. അവളുടെ വാക്കുകൾ എന്തുകൊണ്ടോ അയാളെ വേദനിപ്പിച്ചു. സാറിന്റെ കാറിൽ സാറിന്റെ ഒപ്പം ഒരു യാത്ര. അതവൾക്ക് എത്ര കാര്യമായിരുന്നു എന്നയാൾക്കു മനസ്സിലായി. അവൾ നോക്കിനിൽക്കെ സജിവൻ തന്റെ ഒപ്പം കാറിൽ പലേടത്തും പോകാറുണ്ട്. അവളേക്കാൾ എട്ടു വയസ്സ് പ്രായം കൂടും സജിവന്. അന്നെല്ലാം അവൾ നോക്കിനിന്നിരുന്നതിന്റെ അർഥം അയാൾക്കിപ്പോഴാണ് മനസ്സിലാവുന്നത്. അവൾക്കും ഒപ്പം വരണമെന്നുണ്ടാവും. വിളിച്ചാൽ വരുമായിരുന്നു. പലതും ചെറിയ യാത്രകളായിരിക്കും. ജോസ് ജംഗ്ഷൻ വരേയോ, അല്ലെങ്കിൽ ബ്രോഡ്‌വേ വരേയോ. തനിക്കവളെ വിളിക്കാമായിരുന്നു.

റസ്റ്റോറണ്ടിന്റെ ഉള്ളിൽ കടന്നപ്പോൾ അവൾ അമ്പരന്നു പോയി. ഭംഗിയുള്ള വിളക്കുകൾ ഇങ്ങിക്കിടക്കുന്ന തട്ടിന്റെ ഉയരമാണവളെ അത്ഭുതപ്പെടുത്തിയത്. ആകാശംമുട്ടുന്ന ഒരു കടയ്ക്കുകീഴിൽ ഒരുറുമ്പെന്ന പോലെ അവൾക്കു തോന്നി. ചില്ലിട്ട വലിയ അലമാറകൾക്കുള്ളിൽ പലതരം മധുരപദാർഥങ്ങൾ, കേക്കുകൾ. അന്തരീക്ഷത്തിൽ ദോശയുടേയും അവൾ ജീവിതത്തിലൊരിക്കലും രുചിച്ചിട്ടല്ലാത്ത വിഭവങ്ങളുടേയും വാസന. അവൾ മൂക്കു വിടർത്തി.

'ഇവിടെയാണോ സജിച്ചേട്ടൻ വരാറ്?'

അയാൾ തലയാട്ടി. സജിച്ചേട്ടന്റെ ഭാഗ്യത്തെപ്പറ്റി ആലോചിട്ടാകണം അവൾ ഒരു നിമിഷം നിശ്ശബ്ദയായി.

'അച്ഛൻ എന്നെ ഇങ്ങിനത്തെ ചായക്കടേലൊന്നും കൊണ്ടുപോകാറില്ല.' അവൾ പറഞ്ഞു. അയാൾ ഒന്നും പറഞ്ഞില്ല.

'ഇവിടെയൊക്കെ വരാൻ കൊറേ പണം വേണ്ടിവരും അല്ലേ?'

'അതേ കുറേ പണം.'

അയാൾ സിങ്കപ്പൂർ നൂഡിൽസ് ഓർഡർ ചെയ്തു. അതു തയ്യാറാക്കുന്നവരെ കടിക്കാൻ പഴച്ചാറും. പഴച്ചാറ് മൊത്തിക്കുടിച്ചുകൊണ്ടവൾ പറഞ്ഞു.

'നല്ല സ്വാദുണ്ട്'

അവൾ ഭക്ഷണം കഴിക്കുന്നതു് അയാൾ വാത്സല്യത്തോടെ നോക്കിയിരുന്നു. വഴുതിപ്പോകുന്ന നൂഡിൽസ് ഫോർക്കുകൊണ്ട് എങ്ങിനെ ചൂരുട്ടിയെടുക്കാമെന്ന് അയാൾ കാണിച്ചുകൊടുത്തു. നൂഡിൽസ് കഴിഞ്ഞപ്പോഴേക്കും അവളുടെ കൊച്ചു വയറ് നിറഞ്ഞിരുന്നു. അയാൾ ഐസ്ക്രീം കൗണ്ടറിൽ പോയി കോക്കടയ്ൽ ഐസ്ക്രീം കൊണ്ടുവന്നപ്പോൾ അവൾ വയറിൽ കൈ വെച്ചു.

കാറിൽ തിരിച്ചുപോകുമ്പോൾ അവൾ പറഞ്ഞു.

'വല്ലതായാൽ ഞാൻ കൊറെ പണംള്ള ആളെ കല്യാണം കഴിക്കും. അപ്പോ എനിക്ക് ഇടക്കിടക്ക് ഇവിട്യൊക്കെ വന്ന് ഭക്ഷണം കഴിക്കാലോ.'

അങ്ങിനെ സംഭവിക്കട്ടെ എന്നയാൾ മനസ്സിൽ പ്രാർഥിച്ചു.

ആ പത്തു വയസ്സുകാരിയെ ഒരു പുതിയ കണ്ണോടെ നോക്കാൻ അന്നു മുതൽ അയാൾ പഠിച്ചു. അവൾക്ക് അവളുടേതായ ഒരു ലോകമുണ്ട്, അഭിലാഷങ്ങളുണ്ട്, ഭാവനയുണ്ട് എന്നെല്ലാം അയാൾക്കു മനസ്സിലായി. ഇതു മനസ്സിലാക്കാൻ മൂന്നു കൊല്ലമെടുത്തുവെന്നാണ് അയാളെ ലജ്ജിപ്പിച്ചു. അയാളെ സംബന്ധിച്ചേടത്തോളം അവൾ വേലക്കാരിയുടെ മകൾ മാത്രമായിരുന്നു. ഉച്ചയ്ക്ക് വരുന്ന, ഉള്ള ഭക്ഷണം കഴിക്കുന്ന, അമ്മയെ ജോലിയിൽ സഹായിക്കുന്ന. നാലോ അഞ്ചോ മണിയോടെ അമ്മയുടെ ഒപ്പം വീട്ടിലേയ്ക്കു പോകുന്ന. അത്ര മാത്രം.

പിറ്റേന്ന് ഉച്ചയ്ക്ക് കിടന്ന് എഴുന്നേറ്റപ്പോൾ അയാൾ കണ്ടത് യൂനിഫോം അഴിച്ചുവെച്ച് പുക്കളുള്ള ഉടുപ്പിട്ട് നിൽക്കുന്ന രാജിയേയാണ്. അയാൾ അത്ഭുതത്തോടെ നോക്കിനില്ക്കുന്നതു കണ്ടപ്പോൾ അവൾ ഒരു നാണമായി. അവളുടെ അമ്മ പറഞ്ഞു.

'ഇന്നലെ ഇവിടുന്ന് പോയിട്ട് ഉറങ്ങണവരെ സാറിന്റെ ഒപ്പം ഹോട്ടലിപ്പോയ കഥ്യായിരുന്നു. ഇന്ന് രാവിലെ വീട്ടിന്ന് പുറപ്പെട്ടപോ സ്കൂളീന്ന് വന്നാ മാറാനുള്ള ഉടുപ്പ് എടുക്കാൻ വാശിപിടിക്ക്യായിരുന്നു.'

ഇന്നലെ റസ്റ്റാറണ്ടിൽ പോയപ്പോൾ നല്ല ഉടുപ്പിട്ടിരുന്നില്ലെങ്കിലും താൻ ഒരു സ്വപ്നലോകത്തായിരുന്നുവെന്ന് അയാൾ മനസ്സിലാക്കി. താൻ വീട്ടിൽ ഒറ്റക്കാണെന്നും, അനിതയും ജോലിക്കാരിയും കൂടി പുറത്ത് എന്തോ വാങ്ങാൻ പോയിരിക്കയാണെന്നും ഓർത്തപ്പോൾ അയാൾ പിടഞ്ഞെഴുന്നേറ്റ് വാതിൽ തുറന്നു.

'സാറ് ഒറങ്ങായിരുന്നോ?'

രാജി ചോദിച്ചു. അവളുടെ സ്വരത്തിൽ ഭയമുണ്ടായിരുന്നു.

'അല്ല.'

അവൾ തോളത്തുനിന്ന് സ്കൂൾ സഞ്ചിയെടുത്ത് നിലത്തു വെച്ചുകൊണ്ട് ചോദിച്ചു.

'അമ്മയില്ലേ?'

'ഇല്ല.'

'കൊച്ചമ്മയോ?'

'അനിതയും കമലവും കൂടി പുറത്തുപോയിരിക്കയാണ്. ഇപ്പോ വരും.'

അവൾ മുഖം കഴുകാനായി കളിമുറിയിലേയ്ക്കു കയറി. അയാൾ സോഫയിലിരുന്ന് റിമോട്ടുകണ്ട്റോൾ ഉപയോഗിച്ച് ടിവി പ്രവർത്തിപ്പിച്ചു. ചായ കടിക്കാൻ ധൃതിയായി. എന്താണിവർ വരാത്തത്. അര മണിക്കൂറിനുള്ളിൽ വരാമെന്നു പറഞ്ഞ് ഇറങ്ങിയതാണ്. ക്രമേണ അയാൾ ടിവിയുടെ വർണാഭയിൽ മുഴുകിപ്പോയി. എന്താണ് നടക്കുന്നതെന്നും അയാൾ ശ്രദ്ധിച്ചില്ല. ചലിക്കുന്ന ചിത്രങ്ങൾ നോക്കി ഒഴിഞ്ഞ മനസ്സമായി അയാളിരുന്നു. പെട്ടെന്ന് ചുമരിലെ ഇലക്ട്രോണിക് ക്ലോക്ക് സംഗീതം പൊഴിച്ചപ്പോൾ അയാൾക്ക് വീണ്ടും പരിസരബോധമുണ്ടായി. സമയം നാലുമണി. രാജി എന്തു ചെയ്യുകയായിരിക്കുമെന്നയാളോർത്തു. അയാൾ അടുക്കളയിലേക്ക് നടന്നു.

അവിടെ വെറും നിലത്ത് അവൾ കിടന്നുറങ്ങുകയായിരുന്നു. തലമുടി വിണ്ട് അവളുടെ മുഖം പാതി മറഞ്ഞിരുന്നു. അവൾ തളർന്നുകിടന്നുറങ്ങുകയാണ്. അവൾ ഭക്ഷണം കഴിച്ചുവോ എന്ന പോലും താൻ അന്വേഷിച്ചില്ല. എന്തൊരു മനുഷ്യൻ! അയാൾ അടുക്കളയിൽ പരതി. ചോറിൻചെമ്പു കാണാനില്ല, അതുപോലെ കറികളും. അയാൾ ഫ്രിജ്ജ് തുറന്നു നോക്കി. ഇല്ല, ഒന്നുമില്ല. പാവം കുട്ടി, അവൾ ഒന്നും കഴിച്ചുകാണില്ല. രാവിലെ ഏഴുമണിക്ക് വീട്ടിൽനിന്ന് അമ്മയോടൊപ്പം തിരിക്കുമ്പോൾ വല്ലതും കഴിച്ചതായിരിക്കും. അയാൾ കമ്പിട്ടിരുന്ന് വിളിച്ചു.

'രാജി.'

അവൾ അനങ്ങി, മലർന്നു കിടന്നു. അവളുടെ ഒട്ടിയ വയറ് കണ്ടപ്പോൾ അയാൾക്ക് വിഷമമായി. അയാൾ അവളെ വിണ്ടും വിളിച്ചു. അവൾ ഞെട്ടിയുണർന്നു. തൊട്ടുമുമ്പിൽ സാറിനെ കണ്ടപ്പോൾ അവൾക്കു ഭയമായി. അവൾ പിടഞ്ഞെഴുന്നേറ്റു.

'നീ വല്ലതും കഴിച്ചുവോ?'

'ഇല്ല' അവൾ പറഞ്ഞു. 'കൊച്ചമ്മ ഒന്നുംണ്ടാക്കീട്ടില്ലാന്ന് തോന്നുന്നു.'

'അപ്പോ നീയെന്തേ എന്നോടത് പറയാതിരുന്നു?'

'സാറ് ടിവി കണ്ടോണ്ടിരിക്ക്യായിരുന്നു. ബുദ്ധിമുട്ടിക്കണ്ടാന്ന് കരുതി.'

'എന്റെ മോളേ, അതുവിചാരിച്ച് നീ പട്ടിണി കിടക്കേ?'

പെട്ടെന്നാണയാൾ ആ സംഭാഷണം ഓർത്തത്. അനിതയും കമലവും കൂടി പുറത്തിറങ്ങുമ്പോൾ പറഞ്ഞതായിരുന്നു. 'രാജി വരുമ്പോഴേക്ക് എത്തണം, അവൾക്ക് കഴിക്കാൻ ഒന്നുംല്ല്യ, വന്നിട്ട് എന്തെങ്കിലുംണ്ടാക്കണം.' അവർ എപ്പോൾ വരുമെന്ന്വെച്ചാണ് കാത്തിരിക്കുന്നതു? അയാൾ പറഞ്ഞു.

'വാ, നമുക്ക് പുറത്തുപോയി എന്തെങ്കിലും കഴിക്കാം.'

അയാൾ ഭാര്യയ്ക്ക് ഒരു കറിപ്പ് എഴുതിവെച്ചു പുറത്തു കടന്നു. കാറിൽ അയാളോടൊപ്പം ഇരുന്ന് യാത്ര ചെയ്യുമ്പോൾ അവൾ വളരെ ഉല്ലാസവതിയായിരുന്നു.

'ഞാൻ ആദ്യയിട്ടാണ് ഒരു കാറിൽ പോണത്.'

അവൾ പറഞ്ഞു. അവളുടെ വാക്കുകൾ എന്തുകൊണ്ടോ അയാളെ വേദനിപ്പിച്ചു. സാറിന്റെ കാറിൽ സാറിന്റെ ഒപ്പം ഒരു യാത്ര. അതവൾക്ക് എത്ര കാര്യമായിരുന്നു എന്നയാൾക്കു മനസ്സിലായി. അവൾ നോക്കിനിൽക്കെ സജിവൻ തന്റെ ഒപ്പം കാറിൽ പലേടത്തും പോകാറുണ്ട്. അവളേക്കാൾ എട്ടു വയസ്സ് പ്രായം കൂടും സജിവന്. അന്നെല്ലാം അവൾ നോക്കിനിന്നിരുന്നതിന്റെ അർഥം അയാൾക്കിപ്പോഴാണ് മനസ്സിലാവുന്നത്. അവൾക്കും ഒപ്പം വരണമെന്നുണ്ടാവും. വിളിച്ചാൽ വരുമായിരുന്നു. പലതും ചെറിയ യാത്രകളായിരിക്കും. ജോസ് ജംഗ്ഷൻ വരേയോ, അല്ലെങ്കിൽ ബ്രോഡ്‌വേ വരേയോ. തനിക്കവളെ വിളിക്കാമായിരുന്നു.

റസ്റ്റോറണ്ടിന്റെ ഉള്ളിൽ കടന്നപ്പോൾ അവൾ അമ്പരന്നു പോയി. ഭംഗിയുള്ള വിളക്കുകൾ ഇങ്ങിക്കിടക്കുന്ന തട്ടിന്റെ ഉയരമാണവളെ അത്ഭുതപ്പെടുത്തിയത്. ആകാശംമുട്ടുന്ന ഒരു കടയ്ക്കുകീഴിൽ ഒരുറുമ്പെന്ന പോലെ അവൾക്കു തോന്നി. ചില്ലിട്ട വലിയ അലമാറകൾക്കുള്ളിൽ പലതരം മധുരപദാർഥങ്ങൾ, കേക്കുകൾ. അന്തരീക്ഷത്തിൽ ദോശയുടേയും അവൾ ജീവിതത്തിലൊരിക്കലും രുചിച്ചിട്ടല്ലാത്ത വിഭവങ്ങളുടേയും വാസന. അവൾ മൂക്കു വിടർത്തി.

'ഇവിടെയാണോ സജിച്ചേട്ടൻ വരാറ്?'

അയാൾ തലയാട്ടി. സജിച്ചേട്ടന്റെ ഭാഗ്യത്തെപ്പറ്റി ആലോചിട്ടാകണം അവൾ ഒരു നിമിഷം നിശ്ശബ്ദയായി.

'അച്ഛൻ എന്നെ ഇങ്ങിനത്തെ ചായക്കടേലൊന്നും കൊണ്ടുപോകാറില്ല.' അവൾ പറഞ്ഞു. അയാൾ ഒന്നും പറഞ്ഞില്ല.

'ഇവിടെയൊക്കെ വരാൻ കൊറേ പണം വേണ്ടിവരും അല്ലേ?'

'അതേ കുറേ പണം.'

അയാൾ സിങ്കപ്പൂർ നൂഡിൽസ് ഓർഡർ ചെയ്തു. അതു തയ്യാറാക്കുന്നവരെ കടിക്കാൻ പഴച്ചാറും. പഴച്ചാറ് മൊത്തിക്കുടിച്ചുകൊണ്ടവൾ പറഞ്ഞു.

'നല്ല സ്വാദുണ്ട്'

അവൾ ഭക്ഷണം കഴിക്കുന്നതു് അയാൾ വാത്സല്യത്തോടെ നോക്കിയിരുന്നു. വഴുതിപ്പോകുന്ന നൂഡിൽസ് ഫോർക്കുകൊണ്ട് എങ്ങിനെ ചൂരുട്ടിയെടുക്കാമെന്ന് അയാൾ കാണിച്ചുകൊടുത്തു. നൂഡിൽസ് കഴിഞ്ഞപ്പോഴേക്കും അവളുടെ കൊച്ചു വയറ് നിറഞ്ഞിരുന്നു. അയാൾ ഐസ്ക്രീം കൗണ്ടറിൽ പോയി കോക്കടയ്ൽ ഐസ്ക്രീം കൊണ്ടുവന്നപ്പോൾ അവൾ വയറിൽ കൈ വെച്ചു.

കാറിൽ തിരിച്ചുപോകുമ്പോൾ അവൾ പറഞ്ഞു.

'വല്ലതായാൽ ഞാൻ കൊറെ പണംള്ള ആളെ കല്യാണം കഴിക്കും. അപ്പോ എനിക്ക് ഇടക്കിടക്ക് ഇവിട്യൊക്കെ വന്ന് ഭക്ഷണം കഴിക്കാലോ.'

അങ്ങിനെ സംഭവിക്കട്ടെ എന്നയാൾ മനസ്സിൽ പ്രാർഥിച്ചു.

ആ പത്തു വയസ്സുകാരിയെ ഒരു പുതിയ കണ്ണോടെ നോക്കാൻ അന്നു മുതൽ അയാൾ പഠിച്ചു. അവൾക്ക് അവളുടേതായ ഒരു ലോകമുണ്ട്, അഭിലാഷങ്ങളുണ്ട്, ഭാവനയുണ്ട് എന്നെല്ലാം അയാൾക്കു മനസ്സിലായി. ഇതു മനസ്സിലാക്കാൻ മൂന്നു കൊല്ലമെടുത്തുവെന്നാണ് അയാളെ ലജ്ജിപ്പിച്ചു. അയാളെ സംബന്ധിച്ചേടത്തോളം അവൾ വേലക്കാരിയുടെ മകൾ മാത്രമായിരുന്നു. ഉച്ചയ്ക്ക് വരുന്ന, ഉള്ള ഭക്ഷണം കഴിക്കുന്ന, അമ്മയെ ജോലിയിൽ സഹായിക്കുന്ന. നാലോ അഞ്ചോ മണിയോടെ അമ്മയുടെ ഒപ്പം വീട്ടിലേയ്ക്കു പോകുന്ന. അത്ര മാത്രം.

പിറ്റേന്ന് ഉച്ചയ്ക്ക് കിടന്ന് എഴുന്നേറ്റപ്പോൾ അയാൾ കണ്ടത് യൂനിഫോം അഴിച്ചുവെച്ച് പുക്കളുള്ള ഉടുപ്പിട്ട് നിൽക്കുന്ന രാജിയേയാണ്. അയാൾ അത്ഭുതത്തോടെ നോക്കിനില്ക്കുന്നതു കണ്ടപ്പോൾ അവൾ ഒരു നാണമായി. അവളുടെ അമ്മ പറഞ്ഞു.

'ഇന്നലെ ഇവിടുന്ന് പോയിട്ട് ഉറങ്ങണവരെ സാറിന്റെ ഒപ്പം ഹോട്ടലിപ്പോയ കഥ്യായിരുന്നു. ഇന്ന് രാവിലെ വീട്ടിന്ന് പുറപ്പെട്ടപോ സ്കൂളീന്ന് വന്നാ മാറാനുള്ള ഉടുപ്പ് എടുക്കാൻ വാശിപിടിക്ക്യായിരുന്നു.'

ഇന്നലെ റസ്റ്റാറണ്ടിൽ പോയപ്പോൾ നല്ല ഉടുപ്പിട്ടിരുന്നില്ലെങ്കിലും താൻ ഒരു സ്വപ്നലോകത്തായിരുന്നുവെന്ന് അയാൾ മനസ്സിലാക്കി. താൻ വീട്ടിൽ ഒറ്റക്കാണെന്നും, അനിതയും ജോലിക്കാരിയും കൂടി പുറത്ത് എന്തോ വാങ്ങാൻ പോയിരിക്കയാണെന്നും ഓർത്തപ്പോൾ അയാൾ പിടഞ്ഞെഴുന്നേറ്റ് വാതിൽ തുറന്നു.

'സാറ് ഒറങ്ങായിരുന്നോ?'

രാജി ചോദിച്ചു. അവളുടെ സ്വരത്തിൽ ഭയമുണ്ടായിരുന്നു.

'അല്ല.'

അവൾ തോളത്തുനിന്ന് സ്കൂൾ സഞ്ചിയെടുത്ത് നിലത്തു വെച്ചുകൊണ്ട് ചോദിച്ചു.

'അമ്മയില്ലേ?'

'ഇല്ല.'

'കൊച്ചമ്മയോ?'

'അനിതയും കമലവും കൂടി പുറത്തുപോയിരിക്കയാണ്. ഇപ്പോ വരും.'

അവൾ മുഖം കഴുകാനായി കളിമുറിയിലേയ്ക്കു കയറി. അയാൾ സോഫയിലിരുന്ന് റിമോട്ടുകണ്ട്റോൾ ഉപയോഗിച്ച് ടിവി പ്രവർത്തിപ്പിച്ചു. ചായ കടിക്കാൻ ധൃതിയായി. എന്താണിവർ വരാത്തത്. അര മണിക്കൂറിനുള്ളിൽ വരാമെന്നു പറഞ്ഞ് ഇറങ്ങിയതാണ്. ക്രമേണ അയാൾ ടിവിയുടെ വർണാഭയിൽ മുഴുകിപ്പോയി. എന്താണ് നടക്കുന്നതെന്നും അയാൾ ശ്രദ്ധിച്ചില്ല. ചലിക്കുന്ന ചിത്രങ്ങൾ നോക്കി ഒഴിഞ്ഞ മനസ്സമായി അയാളിരുന്നു. പെട്ടെന്ന് ചുമരിലെ ഇലക്ട്രോണിക് ക്ലോക്ക് സംഗീതം പൊഴിച്ചപ്പോൾ അയാൾക്ക് വീണ്ടും പരിസരബോധമുണ്ടായി. സമയം നാലുമണി. രാജി എന്തു ചെയ്യുകയായിരിക്കുമെന്നയാളോർത്തു. അയാൾ അടുക്കളയിലേക്ക് നടന്നു.

അവിടെ വെറും നിലത്ത് അവൾ കിടന്നുറങ്ങുകയായിരുന്നു. തലമുടി വിണ്ട് അവളുടെ മുഖം പാതി മറഞ്ഞിരുന്നു. അവൾ തളർന്നുകിടന്നുറങ്ങുകയാണ്. അവൾ ഭക്ഷണം കഴിച്ചുവോ എന്ന പോലും താൻ അന്വേഷിച്ചില്ല. എന്തൊരു മനുഷ്യൻ! അയാൾ അടുക്കളയിൽ പരതി. ചോറിൻചെമ്പു കാണാനില്ല, അതുപോലെ കറികളും. അയാൾ ഫ്രിജ്ജ് തുറന്നു നോക്കി. ഇല്ല, ഒന്നുമില്ല. പാവം കുട്ടി, അവൾ ഒന്നും കഴിച്ചുകാണില്ല. രാവിലെ ഏഴുമണിക്ക് വീട്ടിൽനിന്ന് അമ്മയോടൊപ്പം തിരിക്കുമ്പോൾ വല്ലതും കഴിച്ചതായിരിക്കും. അയാൾ കമ്പിട്ടിരുന്ന് വിളിച്ചു.

'രാജി.'

അവൾ അനങ്ങി, മലർന്നു കിടന്നു. അവളുടെ ഒട്ടിയ വയറ് കണ്ടപ്പോൾ അയാൾക്ക് വിഷമമായി. അയാൾ അവളെ വിണ്ടും വിളിച്ചു. അവൾ ഞെട്ടിയുണർന്നു. തൊട്ടുമുമ്പിൽ സാറിനെ കണ്ടപ്പോൾ അവൾക്കു ഭയമായി. അവൾ പിടഞ്ഞെഴുന്നേറ്റു.

'നീ വല്ലതും കഴിച്ചുവോ?'

'ഇല്ല' അവൾ പറഞ്ഞു. 'കൊച്ചമ്മ ഒന്നുംണ്ടാക്കീട്ടില്ലാന്ന് തോന്നുന്നു.'

'അപ്പോ നീയെന്തേ എന്നോടത് പറയാതിരുന്നു?'

'സാറ് ടിവി കണ്ടോണ്ടിരിക്ക്യായിരുന്നു. ബുദ്ധിമുട്ടിക്കണ്ടാന്ന് കരുതി.'

'എന്റെ മോളേ, അതുവിചാരിച്ച് നീ പട്ടിണി കിടക്കേ?'

പെട്ടെന്നാണയാൾ ആ സംഭാഷണം ഓർത്തത്. അനിതയും കമലവും കൂടി പുറത്തിറങ്ങുമ്പോൾ പറഞ്ഞതായിരുന്നു. 'രാജി വരുമ്പോഴേക്ക് എത്തണം, അവൾക്ക് കഴിക്കാൻ ഒന്നുംല്ല്യ, വന്നിട്ട് എന്തെങ്കിലുംണ്ടാക്കണം.' അവർ എപ്പോൾ വരുമെന്ന്വെച്ചാണ് കാത്തിരിക്കുന്നതു? അയാൾ പറഞ്ഞു.

'വാ, നമുക്ക് പുറത്തുപോയി എന്തെങ്കിലും കഴിക്കാം.'

അയാൾ ഭാര്യയ്ക്ക് ഒരു കറിപ്പ് എഴുതിവെച്ചു പുറത്തു കടന്നു. കാറിൽ അയാളോടൊപ്പം ഇരുന്ന് യാത്ര ചെയ്യുമ്പോൾ അവൾ വളരെ ഉല്ലാസവതിയായിരുന്നു.

'ഞാൻ ആദ്യയിട്ടാണ് ഒരു കാറിൽ പോണത്.'

അവൾ പറഞ്ഞു. അവളുടെ വാക്കുകൾ എന്തുകൊണ്ടോ അയാളെ വേദനിപ്പിച്ചു. സാറിന്റെ കാറിൽ സാറിന്റെ ഒപ്പം ഒരു യാത്ര. അതവൾക്ക് എത്ര കാര്യമായിരുന്നു എന്നയാൾക്കു മനസ്സിലായി. അവൾ നോക്കിനിൽക്കെ സജിവൻ തന്റെ ഒപ്പം കാറിൽ പലേടത്തും പോകാറുണ്ട്. അവളേക്കാൾ എട്ടു വയസ്സ് പ്രായം കൂടും സജിവന്. അന്നെല്ലാം അവൾ നോക്കിനിന്നിരുന്നതിന്റെ അർഥം അയാൾക്കിപ്പോഴാണ് മനസ്സിലാവുന്നത്. അവൾക്കും ഒപ്പം വരണമെന്നുണ്ടാവും. വിളിച്ചാൽ വരുമായിരുന്നു. പലതും ചെറിയ യാത്രകളായിരിക്കും. ജോസ് ജംഗ്ഷൻ വരേയോ, അല്ലെങ്കിൽ ബ്രോഡ്‌വേ വരേയോ. തനിക്കവളെ വിളിക്കാമായിരുന്നു.

റസ്റ്റോറണ്ടിന്റെ ഉള്ളിൽ കടന്നപ്പോൾ അവൾ അമ്പരന്നു പോയി. ഭംഗിയുള്ള വിളക്കുകൾ ഇങ്ങിക്കിടക്കുന്ന തട്ടിന്റെ ഉയരമാണവളെ അത്ഭുതപ്പെടുത്തിയത്. ആകാശംമുട്ടുന്ന ഒരു കടയ്ക്കുകീഴിൽ ഒരുറുമ്പെന്ന പോലെ അവൾക്കു തോന്നി. ചില്ലിട്ട വലിയ അലമാറകൾക്കുള്ളിൽ പലതരം മധുരപദാർഥങ്ങൾ, കേക്കുകൾ. അന്തരീക്ഷത്തിൽ ദോശയുടേയും അവൾ ജീവിതത്തിലൊരിക്കലും രുചിച്ചിട്ടല്ലാത്ത വിഭവങ്ങളുടേയും വാസന. അവൾ മൂക്കു വിടർത്തി.

'ഇവിടെയാണോ സജിച്ചേട്ടൻ വരാറ്?'

അയാൾ തലയാട്ടി. സജിച്ചേട്ടന്റെ ഭാഗ്യത്തെപ്പറ്റി ആലോചിട്ടാകണം

ഇ. ഹരികുമാർ



1943 ജൂലൈ 13-ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി. എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ് (ഭാര്യ: ശുഭ). കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചു വന്നു. 1962 തൊട്ട് ചെറുകഥകളെഴുതി തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72-ൽ പ്രസിദ്ധപ്പെടുത്തി. പതിനഞ്ചു കഥാസമാഹാരങ്ങളും ഒമ്പത് നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പുരസ്കാരങ്ങൾ

- 1988-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദി നോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.
- 1997-ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.
- 1998-ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.
- 2006-ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.
- 2012-ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തകപ്രസിദ്ധീകരണം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>